പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 8225 | 17.07.2014 ന് മറുപടിയ്ക്ക്

## ഐ.റ്റി.ഐ. കൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. പാലോട് രവി :<br>ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. എം.എ. വാഹീദ് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ഐ.റ്റി.ഐ.കൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഐ.ടി.ഐ. കൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) -ന്റെ ആഭിമുഖ്യത്തിൽ സർക്കാർ ഐ.ടി.ഐ. കൾക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) സർക്കാർ ഐ.ടി.ഐ. കളിലെ നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പരിശീലനം മെച്ചപ്പെടുത്തുന്നതിനും ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നത് വഴി ലക്ഷ്യം വയ്ക്കുന്നു. |
| (സി) സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഇവിടെ ഒരുക്കേണ്ടതെന്ന് വ്യക്തമാക്കാമോ ; | (സി) ഇത് സംബന്ധിച്ച പഠനം പൂർത്തിയായതിന് ശേഷം മാത്രമേ വ്യക്തമായ വിവരം ലഭ്യമാവുകയുള്ളൂ. |
| (ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) കേരളത്തിലെ എല്ലാ ഐ.ടി.ഐ. കളുടെയും നിലവാരം വിലയിരുത്തി നവീകരിക്കുന്നതിനും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഐ.ടി.ഐ. കളെ ഉയർത്തുന്നതിനും വേണ്ടി വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനും സംസ്ഥാനത്തെ തെരഞ്ഞെടുത്ത ഐ.ടി.ഐ. കളിൽ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനും ഒരു കൺസൾട്ടന്റിനെ കണ്ടെത്തുന്നതിലേയ്ക്കായി ടെന്റർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ